## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4595** **19-07-2022 - ൽ മറുപടിയ്ക്ക്**

## ആയാംകുടി മാത്താംകരി നെല്ലുൽപ്പാദക സമിതിയുടെ പാടശേഖരത്തിന് പുറംബണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി പഞ്ചായത്ത് ആയാംകുടി മാത്താംകരി എ, ബി ബ്ലോക്ക് നെല്ലുൽപ്പാദക സമിതിയുടെ പാടശേഖരത്തിന് പുറംബണ്ട് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് സഹിതം സമർപ്പിച്ചിരുന്ന അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | മാത്താങ്കരി A,B Block നെല്ലുല്പാദക സമിതി സെക്രട്ടറിയുടെ അപേക്ഷ കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായതിനെ തുടർന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ പാടശേഖരം സന്ദർശിക്കുകയും PRICE ൽ 610 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പാടശേഖരത്തിന്റെ നവീകരണത്തിനായി പുറംബണ്ട് നിർമ്മാണവും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും കലിങ്കുകളുടെ നിർമ്മാണം, പൊതുമട, തൂമ്പ്, വാച്ചാൽ ഡീസൽറ്റിംഗ് എന്നിവ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ആയത് സംബന്ധിച്ച് 17.05.2022 ൽ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത നിവേദനം പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി 05/07/2022-ലെ ഐആർ4/92/2022/ജവിവ നമ്പർ കത്ത് മുഖേന കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ